Friday, *the* *23rd March 1945*
10th Meenam 1120

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir George Boag K.C.I.E.; C.S.I.) in the Chair.

Messrs. H. J. Walmesley, T. S. Ramachandra Ayyar and Joseph Pettah were absent.

QUESTIONS AND ANSWERS

BEE-KEEPING SOCIETY—PARTICULARS OF

375. Mr. K. S. Panicker *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ൪൯൪-ാം നമ്പ്ര് അഖില കൊച്ചി തേനീച്ചവളർത്തുകാരുടെ സംഘം എന്നാണ് റജിസ്റ്റ് ചെയ്തത്;

(ബി) ൧൯൪൫ തുലാം ൧-ാംതീ-വരെ ആകെ എത്ര അംഗങ്ങൾ ചേർന്നിട്ടുണ്ട്;

(സി) അവരിൽ മാഹരിസംഖ്യ മുഴവനും അടച്ചവർ എത്ര പേരുണ്ട്;

(ഡി) മിസ്റ്റർ ടി. കെ. നായർ ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രിയായതിനുശേഷം ഈ സംഘത്തിന്റെ എത്ര പൊതുയോഗം ഏതെല്ലാം സ്ഥലങ്ങളിൽവെച്ചു കൂടിട്ടുണ്ട് (ഏതേതു തിയ്യതികളിൽ എന്നു പ്രത്യേകം കാണിക്കണം);

(ഇ) അതിൽ ഏതെങ്കിലും പൊതുയോഗത്തിൽ അദ്ദേഹം സന്നിഹിതനായിരുന്നുവോ; സന്നിഹിതനായിരുന്നുവെങ്കിൽ എന്നു; എവിടെവെച്ചു കൂടിയ പൊതുയോഗത്തിൽ;

(എഫ്) ആ പൊതുയോഗം കോറം തികയാഞ്ഞതിനാൽ കൂടുവാൻ സാധിച്ചുവോ;

(ജി) കോറം എത്രയാണ് വേണ്ടതു;

(എച്ച്) അതിനുശേഷം എന്നെങ്കിലും കോറം തികഞ്ഞ പൊതുയോഗം കൂടുവാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു;

(ഐ) ഈ സംഘം റജിസ്റ്റർചെയ്തു നടത്തിവന്നിരുന്നതു ചേർപ്പു ഗ്രാമോദ്ധാരണ കേന്ദ്രത്തിലായിരുന്നില്ലേ;

(ജെ) ഈ സംഘം ഇപ്പോൾ തൃശ്ശിവപേരൂർ പട്ടണത്തിലല്ലേ സ്ഥാപിച്ചിരിക്കുന്നതു;

(കെ) എന്നാണു തൃശ്ശിവപേരൂർക്കു മാറിയതു; എന്താണു കാരണം;

(എൽ) ഈ സംഘം സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ച തിയ്യതിമുതൽ സംഘം സിക്രട്ടറി ആരായിരുന്നു;

(എം) അദ്ദേഹത്തിനു അന്നുമുതൽ ശമ്പളമോ അലവൻസോ കൊടുത്തിരുന്നുവോ; കൊടുത്തിരുന്നുവെങ്കിൽ ശമ്പളമായോ അലവൻസായോ പ്രതിമാസം എത്ര ഉറുപ്പിക കൊടുത്തിരുന്നു;

(എൻ) ഇപ്പോൾ സംഘം സിക്രട്ടറി ആരാണു; എതു തിയ്യതി മുതൽ;

(ഒ) ഇപ്പോൾ അദ്ദേഹത്തിനു ശമ്പളമായോ അലവൻസായോ വല്ല സംഖ്യയും കൊടുത്തു വരുന്നുണ്ടോ;

(പി) ഉണ്ടെങ്കിൽ പ്രതിമാസം എത്ര ഉറുപ്പികവീതം കൊടുക്കുന്നുണ്ടു;

(ക്യു) അതു ശമ്പളമായിട്ടോ അലവൻസായിട്ടോ കൊടുക്കുന്നതു;

(ആർ) അദ്ദേഹം full time വർക്ക ചെയ്യുന്നുണ്ടോ;

(എസ്) സംഘത്തിൽ ഇപ്പോൾ വല്ല പ്രവർത്തനവും നടത്തുന്നുണ്ടോ;

(ടി) ഉണ്ടെങ്കിൽ എന്തെല്ലാം;

(യു) സംഘം മെമ്പർമാരിൽ തേനീച്ചവളർത്തി തേൻ ശേഖരിച്ചു വ്യാപാരം നടത്തുന്നവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ എത്രപേർ; അവർ ആരെല്ലാം;

(വി) സംഘം മെമ്പർമാരിൽനിന്നു സംഘത്തിലേക്കു തേൻ വാങ്ങിക്കാറുണ്ടോ;

(ഡബ്ലിയു) ഉണ്ടെങ്കിൽ ൧൯൪൫-ലും ൧൯൪൪-ലും ആകെ എത്ര തേൻ വാങ്ങിച്ചിട്ടുണ്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ഘ ര) സംഘം വാങ്ങിക്കുന്ന തേനിന്നു് ഘ.ര ഔൺസിന്നു എന്തുവില കൊടുക്കുന്നുണ്ടു്;

(ഘ ങ) മാക്ക്റ്റിങ്ങു് സൊസൈറ്റിയിൽ വാങ്ങിക്കുന്നതിന്നു് എന്തു വില ഇപ്പോൾ കൊടുത്തുവരുന്നുണ്ടു്;

(ഘ ന) കൊച്ചീരാജ്യത്തു തേനീച്ചവളർത്തുകാരുടെ പരസ്പരസഹായസംഘം വേറെ ഏതെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ഘ ഩ) ര ഫ ഫ-ാം നമ്പ്രു് പരസ്പരസഹായസംഘം, പരസ്പരസഹായസംഘം റജിസ്ട്രാരുടെ കീഴിലോ, വ്യവസായ ഡയറക്ടരുടെ കീഴിലോ?

Mr. T. K. Nayar *(Minister for Rural Development):*

(ക) ഘ ര — ഫ — ഫ ഫ ഫ ങ (ന — ന — ഫ ന ന)-ൽ

(ഘ) ഫ ങ ഘ.

(ന) ന ന.

(ര) (എ) ചേപ്പു ഗ്രാമോദ്ധാരണകേന്ദ്രത്തിൽവെച്ചു് ഫ—ന— ഫ ഫ ഫവ-ൽ.

(ബീ) തൃശ്ശിവപേരൂർ മാക്ക്റ്റിങ്ങു് സൊസൈറ്റി കെട്ടിടത്തിൽ വച്ചു് വ — ഫ ഘ — ഫ ഫ ഫൻ-ൽ.

(ങ) ഇല്ല.

(ന) (ങ)-ാം ഉപചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഇതിന്നു മറുപടി ആവശ്യമില്ല.

(ഩ) ഫ ഘ.

(വ) (ന)-ാം ഉപചോദ്യത്തിന്റെ ഉത്തരം നോക്കുക.

(ഩ) അതെ.

(ക ഠ) അതെ.

(ക ക) ഫ ഫ ഫവ ധനുമാസത്തിൽ, ക്ലൃപ്തൽ വ്യാപാരസൌകര്യത്തിന്നു്.

(ക ഘ) മിസ്റ്റർ ടി. എസ്സു്. വെങ്കിടാദ്രി അയ്യർ.

(ക ന) ഒന്നും കൊടുത്തിരുന്നില്ല.

(ക ര) എം. രാമൻ മണാളർ. ഘ — ങ — ഫ ഫ ഫവ മുതൽ.

(ക ങ) ഉണ്ടു്. അലവൻസ്സു്.

(ക ന) അലവൻസ്സു് ഫ ങക. ഡിയർനസ്സു് അലവൻസ്സു് ഫ ഠക. } ഘ ങക.

(ക ഩ) അലവൻസ്സായിട്ടു്.

(ക വ) ഉവ്വു്.

(ക ഩ) ഉവ്വു്.

(ഘ ഠ) ഓർഗനൈസർമാക്കു വേണ്ട ഉപദേശങ്ങളും കൊടുക്കുക; ഓർഗനൈസർമാരോ തേനീച്ചവളർത്തുകാരോ സംഘത്തിലേക്കു കൊണ്ടുവന്ന തേൻ പരിശോധിച്ചു വാങ്ങി ശുദ്ധീകരിച്ചു കുപ്പികളിലാക്കി മാക്ക്റ്റിങ്ങു് സൊസൈറ്റിക്കു കൊടുക്കുക, ടെയ്ണിൽ സ്വകാര്യവ്യക്തികളും വെച്ചു നടത്തുന്ന ക്ലൃപ്തകളും ഇടക്കു പരിശോധിച്ചു വേണ്ടുന്ന നിർദ്ദേശങ്ങളും കൊടുക്കുക, തേനീച്ചവളർത്തിന്നു കഴിവുള്ള പ്രോത്സാഹനങ്ങളും നൽകുക.

(ഘ ക) നിശ്ചയമില്ല.

(ഘ ഘ) ഉവ്വു്.

(ഘ ന) ഫ ഫ ഫവ-ൽ ഘ ക,ന്ന ഔൺസു്.
ഫ ഫ ഫൻ-ൽ ര,ര ങ „

(ഘ ര) ക. ര — ഠ — ഠ.

(ഘ ങ) ഘ.ര ഔൺസിന്നു ക. ങ — ര — ഠ വീതം മാക്ക്റ്റിങ്ങു് സൊസൈറ്റി കൊടുത്തിരുന്നു.

(ഘ ന) ഇല്ല.

(ഘ ഩ) രണ്ടുപേരുടേയും അധികാരത്തിൻകീഴിലാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: രണ്ടു യോഗങ്ങളും കൂടി എന്നു പറഞ്ഞിട്ടുണ്ടു്. ഇതു രണ്ടിലും കോറം തികഞ്ഞിട്ടുണ്ടായിരുന്നുവോ?

മിസ്റ്റർ ടി. കെ. നായർ: രണ്ടു യോഗം കൂടിയതായിട്ടു് ഇതിൽ കാണുന്നുണ്ടു്; രണ്ടിലും കോറം തികഞ്ഞിട്ടുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചേപ്പ് ഗ്രാമോദ്ധാരണ കേന്ദ്രത്തിൽവെച്ച് ഫ്രഫവ മകരം ഫ-ാംന്ധ-യിൽ കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഹാജരുണ്ടായിരുന്നുവോ?

മിസ്റ്റർ ടി. കെ. നായർ: മറുപടി പറഞ്ഞിട്ടുണ്ടല്ലോ "ഇല്ല" എന്നു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മാക്കറിംഗ് സൊസൈറ്റിയിലും സംഘത്തിലും എടുക്കുന്ന തേനിനു് ഇത്രയധികം വിലവ്യത്യാസം വരാനുള്ള കാരണമെന്തു്?

മിസ്റ്റർ ടി. കെ. നായർ: മാക്കറിംഗ് സൊസൈറ്റിക്കു തേനെടുക്കുവാൻതന്നെ അധികാരമുണ്ടായിരുന്നില്ല. തേനീച്ച വളർത്തുകാരുടെ സംഘത്തിനു മാത്രമേ തേൻ വില്ക്കുവാൻ ഗവൺമെണ്ടു് ഉത്തരവു കൊടുത്തിട്ടുള്ളു. ഇടക്കുവെച്ചു് തേനിന്റെ വില കുറെ വർദ്ധിച്ചു. അപ്പോൾ മാക്കറിംഗ് സൊസൈറ്റിയും സംഘത്തോടൊപ്പം കുറെ തേൻ വാങ്ങിക്കയുണ്ടായി. അധികാരമില്ലാത്തതാണു് അവർ ചെയ്തതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഓർഗനൈസർമാർ എടുക്കുന്ന തേൻ മറ്റുള്ളവർ കളക്ടു ചെയ്തു കൊണ്ടുവന്നു കൊടുക്കുന്നതല്ലേ?

മിസ്റ്റർ ടി. കെ. നായർ: ഓർഗനൈസർമാരുടെ ജോലിതന്നെ അതാണു്. തേൻ കൂടുതലായി ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുത്തു് അവരിൽനിന്നും തേൻ വാങ്ങിക്കുകയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തേനിന്റെ ഉടമസ്ഥനു് അതിന്റെ വില കൂടുതൽ കിട്ടുവാൻ ആഗ്രഹമുണ്ടായിരിക്കുകയില്ലേ?

മിസ്റ്റർ ടി. കെ. നായർ: ഉടമസ്ഥന്റെ സൌകര്യത്തിനുവേണ്ടിയാണു് സൊസൈറ്റി ഉണ്ടാക്കിയിരിക്കുന്നതു്. സൊസൈറ്റിയിൽനിന്നും അവർക്കു് എത്രയും കൂടുതലായ വില കൊടുക്കുവാനുള്ള സർവ്വ പരിശ്രമങ്ങളും ചെയ്യുവരുന്നുണ്ടു്. സൊസൈറ്റിയിൽ കൊടുക്കാതെ അവർ വേറെ എവിടെയെങ്കിലും കൊണ്ടുപോയി കൊടുത്താൽ പക്ഷെ ഒന്നോ രണ്ടോ അണ ഇതിനേക്കാൾ കൂടുതൽ കിട്ടുകയില്ലെന്നു ഞാൻ പറയുവാൻ തയ്യാറില്ല. എന്നാൽ സൊസൈറ്റി അവർക്കു് ഉപകാരപ്രദമായ പല ഏർപ്പാടുകളും ചെയ്തുകൊടുക്കുന്നുണ്ടു്. അതിനിടക്കാണു് ഗവൺമെണ്ടുനടവാടമില്ലാതെ മാക്കറിംഗ് സൊസൈറ്റി കൂടുതൽ വില കൊടുത്തു തേൻ വാങ്ങിയതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊണ്ടുവരുന്ന തേൻ മുഴുവൻ എടുക്കുവാനുള്ള പണം സംഘത്തിനുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: പണം പോരാതെ വന്നാൽ ഗവൺമെണ്ടിൽനിന്നും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തേൻ കൊണ്ടുവരുന്നവർക്കു മാക്കറിംഗ് സൊസൈറ്റിയിൽനിന്നു കൊടുക്കുന്നതിനേക്കാൾ കുറഞ്ഞ വിലക്കു തേനീച്ച വളർത്തുകാരുടെ സംഘത്തിലേക്കു കൊടുക്കുവാൻ തേനീച്ച വളർത്തുകാർ ഇഷ്ടപ്പെടുമോ?

മിസ്റ്റർ ടി. കെ. നായർ: മാക്കറിംഗ് സൊസൈറ്റിക്കു തേൻ വാങ്ങുവാനുള്ള അധികാരം തന്നെയില്ല. അവർ ചെയ്യുന്നതു നിയമവിരുദ്ധമാണു്. തേനീച്ച വളർത്തുകാരുടെ സംഘം ഒരു വ്യാപാരസ്ഥലമല്ല. അതുകൊണ്ടു് അവിടെ വില കുറച്ചുകൊടുക്കേണ്ടയാതൊരു കാര്യവുമില്ല. കൂടുതൽ വിലക്കു വില്ക്കുവാനുള്ള സൌകര്യത്തിനുവേണ്ടി, പ്രവൃത്തിച്ചു് കൂടുതൽ ആദായമുണ്ടാക്കിയാൽ അതും സൊസൈറ്റി അംഗങ്ങൾക്കാണു് കിട്ടുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തേനീച്ച വളർത്തുകാരുടെ സംഘവും മാക്കറിംഗ് സൊസൈറ്റിയും രണ്ടും ഗവൺമെണ്ടിന്റെ ഭരണത്തിൻകീഴിലാണു്. ആ സ്ഥിതിക്കു് ഈ രണ്ടു സ്ഥലത്തും ഇങ്ങിനെ വിലവ്യത്യാസം വരുവാനുള്ള കാരണമെന്തു്?

മിസ്റ്റർ ടി. കെ. നായർ: അതിന്റെ കാരണം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനിയും വേണമെങ്കിൽ ഞാൻ തുറന്നു പറയാം. മാക്കറിംഗ് സൊസൈറ്റി ചെയ്യുന്നതു് തെറ്റാണു്. അവർക്കു തേൻ വാങ്ങുവാൻ അധികാരമില്ല. അതിലേക്കു ഡഫനിറ്റായി ഓർഡർ തന്നെയുണ്ടു്. ആ ഓർഡറിനു വിപരീതമായിട്ടാണു് അവർ പ്രവൃത്തിച്ചിട്ടുള്ളതു്. അതിന്റെ ഉദ്ദേശം എന്താണെന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പർക്കു് അറിയാവുന്നതുമാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഓർഗനൈസർമാർ തേനിനു് കൂടുതൽ വില കൊടുത്തില്ലെങ്കിൽ പിന്നെ സംഘത്തിനു് എവിടെനിന്നാണു് തേൻ കിട്ടുക.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ: ഇപ്പോൾ നാലണ വില കൊടുക്കുന്നുണ്ടെങ്കിൽ എട്ടണ കിട്ടിയാൽ കൊള്ളാമെന്നു് തേൻ കൊടുക്കുന്ന ആൾക്കു് ആഗ്രഹമുണ്ടായിരിക്കും. ഇപ്പോൾ ന്യായമായ വിലയാണു് കൊടുത്തുവരുന്നതു്. ആദായത്തിനുവേണ്ടി ചെയ്യുന്ന ഒരു വ്യാപാരമല്ല അതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സംഘത്തിൽനിന്നു് എങ്ങിനെയാണു് കൊടുക്കുന്നതു്?

മിസ്റ്റർ ടി. കെ. നായർ: അതിന്റെ ആറേകാൽ ശതമാനം കമ്മീഷൻ മാത്രമേ മാക്കറിംഗ് സൊസൈറ്റിക്കു് എടുക്കുവാൻ അധികാരമുള്ളൂ.

Mr. A. V. Moothedan *(Chalakkudy):* May I know the Government have not got the power of interference in the internal working of the co-operative societies?

Mr. T. K. Nayar *(Minister for Rural Development):* In this particular case, the society is always managed by the Government.

BEE—ORGANISERS IN THE STATE

376. **Mr. K. S. Panicker** *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു് ദയവായി മറുപടി പറയുമോ.—

(*a*) കൊച്ചി രാജ്യത്തു് ആകെ എത്ര "Bee organisers" നെ നിയമിച്ചിട്ടുണ്ടു്;

(*b*) അവർ ഓരോരുത്തരേയും എന്നു മുതൽ ഏതേതു സ്ഥലങ്ങളിൽ പ്രതിമാസം എത്ര ഉറുപ്പിക ശമ്പളത്തിലാണു് നിയമിച്ചിരിക്കുന്നതു്;

(*c*) ശമ്പളത്തിനുപുറമെ ഇവർക്കു് ഏതെല്ലാം തരത്തിലുള്ള അലവൻസുകൂടി കൊടുക്കുന്നുണ്ടു്;

(*d*) അവർ ഓരോരുത്തരും ഏതെല്ലാം തരത്തിലുള്ള സംഘടനകളാണു് (Organisation) ഇതിനകം നടത്തിയിട്ടുള്ളതു്;

(*e*) ഇവർ ഓരോരുത്തർക്കും അധികാരപ്പെട്ട സ്ഥലങ്ങളിൽ ക ക൨ ൦ തുലാം ൧൦-ാംനു-വരെ ആകെ എത്ര തേൻക്കുടകൾവീതം വിതരണം ചെയ്തിട്ടുണ്ടു്;

(*f*) ഇവർ ഓരോരുത്തരും നിയമന തിയ്യതിമുതൽ ക ക൨ ൦ തുലാം ൧൦-ാംനു-വരെ ഓരോ വർഷത്തിൽ ൪ ക ക-ാം നമ്പർ തേനിച്ച വളർത്തുകാരുടെ പരസ്പരസഹായ സംഘത്തിൽ എത്ര ഗാലൻ തേൻ കൊടുത്തിട്ടുണ്ടു്; മാക്കറിംഗ് സൊസൈറ്റിയിൽ എത്ര ഗാലൻ തേൻ കൊടുത്തിട്ടുണ്ടു്;

(*g*) മാക്കറിംഗ് സൊസൈറ്റിയിൽനിന്നും ൪ ക ക-ാം നമ്പർ സൊസൈറ്റിയിൽനിന്നും തേനിനു് എന്തുവീതം വിലയാണു് ക ക ക൯-ൽ കൊടുത്തിരുന്നതു്;

(*h*) Bee organisers നെ നിയമിക്കുന്നതിനുമുമ്പു് ഓരോ താലൂക്കുകളിൽ എത്ര തേൻ കുടുകൾവീതം വിതരണം ചെയ്തിട്ടുണ്ടായിരുന്നു;

(*i*) ഈ ഓർഗനൈസർമാർ ൪ ക ക-ാം നമ്പർ സംഘം സിക്രട്ടറിയുടെ കീഴിലാണൊ ജോലി ചെയ്യേണ്ടതു്;

(*j*) ഇതിൽ ഓർഗനൈസർമാരുടെ Immediate Superior ആപ്പീസർ ആരാണു്?

Mr. T. K. Nayar *(Minister for Rural Development):*

(*a*) ൭.

(*b*) ക— ൭— ക ക ക വ മുതൽ തൃശ്ശിവപേരൂർ, മുകുന്ദപുരവും കൊടുങ്ങല്ലൂരും കുടി, തലപ്പിള്ളി, ചിറ്റൂർ, കൊച്ചികണയന്നൂർ എന്നീ താലൂക്കുകളിൽ ഓരോരുത്തരെ പ്രതിമാസം ഫ ൦ ക. ശമ്പളത്തിൽ.

(*c*) സ്ഥിരബത്ത പ്രതിമാസം ക ൦ ക. (ഇപ്പോൾ കനു— ൭— ൦ ആയി കൂട്ടിയിട്ടുണ്ടു്) യും ക്ഷാമബത്ത ക ഫ ക.യും.

(*d*) പ്രചരണവേലയും തേനീച്ചക്കുട വിതരണവും.

(*e*) തൃശ്ശിവപേരൂർ താലൂക്കിൽ — ക, ൦നു
മുകുന്ദപുരം — ഫ വ ൭
തലപ്പിള്ളി — ഫ ക ന
ചിറ്റൂർ — ക വ നു
കൊച്ചികണയന്നൂർ — ക ന ൭

LIBRARY ARCHIVES Kerala Legislative Assembly